LIBRARY ARCHIVES Kerala Legislative Assembly

വിദേശമദ്യ വില്പനയും ഇൻസെന്റീവും

123 [1102] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം ആകെ എത്ര തുകയുടെ മദ്യമാണ് വിറ്റഴിച്ചതെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഓരോ കമ്പനിയുടേയും എത്ര രൂപയുടെ മദ്യമാണ് വിറ്റഴിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം ഇതേ കാലയളവിൽ വിറ്റഴിച്ച മദ്യത്തിന്റെ കണക്ക് ലഭ്യമാക്കുമോ;

(ഡി) ബീവറേജസ് കോർപ്പറേഷനിൽ നിന്നും മദ്യം വാങ്ങി വില്പന നടത്തുന്ന ചില്ലറ വില്പന ശാലകൾ, ബാറുകൾ എന്നിവയ്ക്ക് മദ്യക്കമ്പനികൾ ഇൻസെന്റീവ് നല്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ബീവറേജസ് കോർപ്പറേഷന്റെ ഔട്ട്‌ലെറ്റുകൾ വഴി വിറ്റഴിക്കുന്ന മദ്യത്തിന് കമ്പനികൾ ഇൻസെന്റീവ് നൽകുന്നുണ്ടോ; എങ്കിൽ എത്രയാണെന്നും, ഇല്ലെങ്കിൽ കാരണമെന്താണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സാമ്പത്തിക വർഷം ഏപ്രിൽ മുതൽ മെയ് വരെ 396.83 കോടി രൂപയുടെ മദ്യം വിറ്റഴിച്ചിട്ടുണ്ട്. ഇനം തിരിച്ചുള്ള കണക്ക് അനുബന്ധം എ ആയി ചേർത്തിട്ടുണ്ട്.†

(ബി) ഈ സാമ്പത്തിക വർഷം ഏപ്രിൽ മുതൽ മെയ് വരെ വാങ്ങിയ മദ്യത്തിന്റെ കണക്ക് അനുബന്ധം ബി ആയി ചേർത്തിട്ടുണ്ട്.††

(സി) കഴിഞ്ഞ സാമ്പത്തിക വർഷം ഇതേ കാലയളവിൽ 373.22 കോടി രൂപയുടെ മദ്യം വിറ്റഴിച്ചിട്ടുണ്ട്.

(ഡി) ബാറുകൾ, ബീവറേജസ് കോർപ്പറേഷന്റെതല്ലാത്ത ചില്ലറ വില്പന ശാലകൾ എന്നിവ ഇൻസെന്റീവ് വാങ്ങി ചിലയിനം മദ്യങ്ങൾ മാത്രം അവരുടെ ബിസ്സിനസ് തന്ത്രത്തിന്റെ ഭാഗമായി പ്രമോട്ടു ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ഇല്ല. ഇൻസെന്റീവ് വാങ്ങുന്നത് കുറ്റകരവും അഴിമതി നിവാരണ നിയമത്തിന്റെ പരിധിയിൽ വരുന്നതുമാണ്. മദ്യം വാങ്ങുന്ന സമയത്ത് ചിലയിനം മദ്യം മാത്രം വാങ്ങാൻ നൽകുന്ന പാരിതോഷികമാണ് ഇൻസെന്റീവ്. കരാറുകൾ പ്രകാരം മദ്യം എടുക്കുന്ന പൊതുമേഖലാ സ്ഥാപനത്തിൽ ഇത്തരം ഇൻസെന്റീവ് വാങ്ങുന്നതു വിവേചനവും അത് Prevention of Corruption Act-ന് വിരുദ്ധവുമാണ്. മാത്രമല്ല, Competition Act, 2002 പ്രകാരവും ഇത് നിഷിദ്ധമാണ്. കോർപ്പറേഷൻ ചില്ലറ വില്പനശാലകൾ വഴി വിറ്റഴിക്കുന്ന മദ്യത്തിന് 2001-2002 മുതൽ മദ്യകമ്പനികളിൽ നിന്നും സർവ്വീസ് ചാർജ്ജ് ഈടാക്കുന്നുണ്ട്.

---

† അനുബന്ധം എ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

†† അനുബന്ധം ബി ലൈബ്രറിയിൽ വച്ചിട്ടുണ്ട്.